**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6670** **11-11-2021 - ൽ മറുപടിയ്ക്ക്**

**ജോയിന്റ് ആർ.ടി.ഒ. മാരുടെ യോഗ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന നിയമ പ്രകാരം മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗ്യത നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിനാണോ സംസ്ഥാന സർക്കാരിനാണോയെന്ന് വിശദമാക്കാമോ; | (എ) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 213-ാം വകുപ്പിലാണ് മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ നിയമനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നത്, ആയതു ഇപ്രകാരമാണ്:- "213. Appointment of motor vehicles officers.- (1) The State Government may, for the purpose of carrying into effect the provisions of the Act, establish a Motor Vehicles Department and appoint as officers thereof such persons as it thinks fit. (2) Every such officer shall be deemed to be a public servant within the meaning of the Indian Penal Code, 1860 (45 of 1860). (3) The State Government may make rules to regulate the discharge by officers of the Motor Vehicles Department of their functions and in particular and without prejudice to the generality of the foregoing power to prescribe the uniform to be worn by them, the authorities to which they shall be subordinate, the duties to be performed by them, the powers (including the powers exercisable by police officers under this Act) to be exercised by them, and the conditions governing the exercise of such powers. (4) The Central Government may, having regard to the objects of the Act, by notification in the Official Gazette, prescribe the minimum qualifications which the said officers or any class thereof shall possess for being appointed as such." 1988-ലെ മോട്ടോർവാഹന നിയമത്തിലെ (കേന്ദ്രനിയമം) 213-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം, മോട്ടോർവാഹന വകുപ്പിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഏറ്റവും കുറഞ്ഞ യോഗ്യത, ഔദ്യോഗിക ഗസറ്റിൽ |

| | | | |
|---|---|---|---|
| | | | പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം വഴി നിർണ്ണയിക്കുന്നതിനുള്ള അധികാരം, കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. |
| (ബി) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സുപ്രീം കോടതി നിയമിച്ച സമിതി ജോയിന്റ് ആർ.ടി.ഒ.മാരുടെ യോഗ്യത നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഉത്തരവുകളോ നിർദ്ദേശമോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | സുപ്രീംകോടതി റോഡ് സുരക്ഷാ കമ്മിറ്റിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ആർ.ടി.ഒ തസ്തികയിലേക്ക് യോഗ്യത നിശ്ചയിച്ച് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ